**മധുരമായ കുട്ടികളെ – ആത്മ–അഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യൂ എങ്കിൽ വികാരി ചിന്തകൾ ഇല്ലാതാകും, ബാബയുടെ ഓർമ്മയും ഉണ്ടായിരിക്കും, ആത്മാവ് സതോപ്രധാനവുമാകും**

**ചോദ്യം:–** മനുഷ്യർക്ക് ലോകത്തിലെ ഏതൊരു വഴിയെക്കുറിച്ചാണ് തീർത്തും അറിയാത്തത്?
**ഉത്തരം:–** ബാബയെ കണ്ടെത്തുന്നതിനും ജീവന്മുക്തി പ്രാപ്തമാക്കാനുമുള്ള വഴി ആർക്കും തന്നെ അറിയില്ല. കേവലം ശാന്തി ശാന്തി എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. വിശ്വത്തിൽ ശാന്തി എപ്പോഴാണ് ഉണ്ടായിരുന്നത് എങ്ങനെയാണ് അത് ഉണ്ടായത് എന്നതറിയുന്നില്ല. നിങ്ങൾക്ക് ചോദിക്കാം, താങ്കൾ വിശ്വത്തിൽ ശാന്തി എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ശാന്തി എങ്ങനെ ഉണ്ടായിരിക്കും? വിശ്വത്തിൽ ശാന്തി ബാബയിലൂടെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളും വന്ന് മനസ്സിലാക്കൂ.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിതരികയാണ്. നമ്മൾ ആത്മാക്കളാണെന്ന ദൃഷ്ടി ആദ്യം ഉറപ്പിക്കൂ. നമ്മൾ നമ്മുടെ സഹോദരൻമാരെയാണ് കാണുന്നത്. ഏതുപോലെയാണോ ബാബ ഞാൻ എന്റെ കുട്ടികളെയാണ് (ആത്മാക്കളെ) കാണുന്നത് എന്ന് പറയുന്നത്. ആത്മാവ് തന്നെയാണ് ഈ ശരീരത്തിലെ കർമ്മേന്ദ്രിയങ്ങളിലൂടെ കേൾക്കുന്നതും സംസാരിക്കുന്നതും. ആത്മാവിന്റെ സിംഹാസനമാണ് ഭൃകുഢി. അപ്പോൾ ബാബ ആത്മാക്കളെയാണ് കാണുന്നത്. ഈ സഹോദരനും തന്റെ സഹോദരന്മാരെയാണ് കാണുന്നത്. നിങ്ങൾക്കും സഹോദരന്മാരെ തന്നെ കാണണം. ആദ്യം ഈ ദൃഷ്ടി ഉറച്ചതായിരിക്കണം. പിന്നീട് *ക്രിമിനൽ* ചിന്തകൾ നിലക്കും. ഇത് ശീലമായിത്തീരും. ആത്മാവ് തന്നെയാണ് കേൾക്കുന്നത്, ആത്മാവ് തന്നെയാണ് സംസാരിക്കുന്നത്. ഈ ദൃഷ്ടി ഉറക്കുന്നതിലൂടെ മറ്റെല്ലാ ചിന്തകളും ഇല്ലാതാകും. ഇതാണ് *നമ്പർ 1 സബ്ജക്റ്റ്*. ഇതിലൂടെ ദൈവീക ഗുണങ്ങളും സ്വതവേ തന്നെ ധാരണയായിക്കൊണ്ടിരിക്കും. ദേഹ–അഭിമാനത്തിൽ വരുന്നതിലൂടെ തന്നെയാണ് കർമ്മേന്ദ്രിയങ്ങൾ ചഞ്ചലമാകുന്നത്. ദേഹീ–അഭിമാനിയായിരിക്കാനുള്ള ധാരാളം പ്രയത്നം ചെയ്യൂ അപ്പോൾ നിങ്ങളിൽ ശക്തി വരും. സർവ്വശക്തിവാനായ ബാബയുടെ ശക്തിയിലൂടെ തന്നെയാണ് ആത്മാവ് സതോപ്രധാനമാകുന്നത്. ബാബ സദാ സതോപ്രധാനമാണ്. അതുകൊണ്ട് ആദ്യം ഈ ദൃഷ്ടി ഉറച്ചതാക്കൂ അപ്പോൾ നമ്മൾ ആത്മാഭിമാനികളാണെന്ന് മനസ്സിലാക്കാം. ആത്മ–അഭിമാനിയും ദേഹ–അഭിമാനിയും തമ്മിൽ രാത്രിയും പകലിന്റെയും വ്യത്യാസമുണ്ട്. നമ്മൾ ആത്മാക്കൾക്ക് ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. ആത്മാഭിമാനിയാകുന്നതിലൂടെ തന്നെ നമ്മൾ പവിത്രവും സതോപ്രധാനവുമായിത്തീരും. ഈ അഭ്യാസം നടത്തുന്നതിലൂടെ വികാരി ചിന്തകൾ ഇല്ലാതാകും.

ഭൂമിയിലെ നക്ഷത്രങ്ങൾ – എന്ന് മനുഷ്യർ പറയാറുണ്ട്. തീർത്തും നമ്മൾ ആത്മാക്കൾ നക്ഷത്രങ്ങളാണ്, കർമ്മം ചെയ്യുന്നതിനായി ഈ ശരീരം ലഭിച്ചിരിക്കുന്നു. ഇപ്പോൾ നമ്മൾ തമോപ്രധാനമായി വീണ്ടും നമുക്ക് സതോപ്രധാനമാകണം. ബാബക്ക് വരേണ്ടതും പുരുഷോത്തമ സംഗമയുഗത്തിലാണ്. ക്രിസ്തുവിന്റെ ശരീരത്തിലാണ് വരുന്നതെന്ന് ഒരിക്കലും പറയില്ല. ക്രിസ്തു വരുന്നത് തന്നെ രജോപ്രധാനത്തിലാണ്. ബുദ്ധന്റേയോ ക്രിസ്തുവിന്റേയോ ശരീരത്തിൽ ഭഗവാൻ വരിക, ഇത് സാധ്യമല്ല. ബാബ വരുന്നത് ഒരേയൊരു പ്രാവശ്യമാണ്, പുതിയ ലോകം സ്ഥാപിക്കുന്നതിന് പഴയ ലോകത്തിലാണ് വരുന്നത്. തമോപ്രധാനമായ ലോകത്തെ മാറ്റി സതോപ്രധാനമാക്കുന്നതിന്. ബാബ തീർച്ചയായും സംഗമത്തിലാണ് വരുന്നത്. മറ്റൊരു സമയത്തും ബാബക്ക് വരാൻ കഴിയില്ല. ബാബയ്ക്ക് വന്ന് പുതിയ ലോകം സ്ഥാപിക്കണം. ആ ബാബയെയാണ് സ്വർഗ്ഗീയപിതാവെന്ന് പറയുന്നത്. ഡ്രാമയനുസരിച്ച് സംഗമത്തിനും മഹിമയുണ്ട്, കൃഷ്ണനെ ഒരിക്കലും പിതാവെന്നോ പതിത–പാവനനെന്നോ പറയില്ല. ബാബയുടെ മഹിമ തീർത്തും വ്യത്യസ്തമാണ്. ബാബ മനസ്സിലാക്കിത്തരുന്നു ഏറ്റവും ആദ്യം ഏതൊരാൾക്കും ലക്ഷ്യത്തെ മനസ്സിലാക്കിക്കൊടുക്കൂ. ഭാരതത്തിൽ ലക്ഷ്മീനാരായണന്റെ രാജ്യമായിരുന്നപ്പോൾ അവിടെ ഒരു ധർമ്മവും ഒരു രാജ്യവും മാത്രമായിരുന്നു. ആദി സനാതന ദേവീ–ദേവതാ ധർമ്മമായിരുന്നു. ഒരേയൊരു അദ്വൈതധർമ്മമായിരുന്നു. സ്വർഗ്ഗം സ്ഥാപിക്കുക അത് ബാബയുടെ മാത്രം കർത്തവ്യമാണ്. എങ്ങനെ ചെയ്യുന്നു അതും വ്യക്തമാണ്. സംഗമത്തിൽ മാത്രമാണ് ബാബ വന്ന് മനസ്സിലാക്കിത്തരുന്നത്. ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളേയും മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ലക്ഷ്മീനാരായണന്റെ ചിത്രത്തിൽ തന്നെ മുഴുവൻ ജ്ഞാനവും മനസ്സിലാക്കിക്കൊടുക്കണം. ശിവബാബയുടെ ചിത്രവുമുണ്ട്. മഹിമകളുള്ള ചിത്രം വളരെ നല്ലതായി ഉണ്ടാക്കിയിട്ടുണ്ട്. ഇതാണ് നരനിൽ നിന്ന് നാരായണനാകുന്നതിനുള്ള സത്യമായ

കഥ. രാധയുടേയും കൃഷ്ണന്റേയും കഥയെന്ന് പറയില്ല. സത്യനാരായണന്റെ കഥയാണ്. നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റുകയാണ്. ആദ്യം ചെറിയ കുട്ടിയായിരിക്കും. ചെറിയ കുട്ടിയെ നരനെന്ന് പറയാറില്ല. നരനെന്ന് നാരായണനെയും നാരിയെന്ന് ലക്ഷ്മിയെയുമാണ് പറയുക. നിങ്ങൾ കുട്ടികൾ ഈ ചിത്രം വച്ച് തന്നെ മനസ്സിലാക്കി കൊടുക്കണം. സന്യാസിക്ക് ആദി സനാതന ദേവീ ദേവതാ ധർമ്മം സ്ഥാപിക്കാൻ കഴിയില്ല. ശങ്കരാചാര്യർ വരുന്നതു തന്നെ രജോപ്രധാന സമയത്താണ്. അദ്ദേഹത്തിന് രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ബാബ വരുന്നത് സംഗമത്തിലാണ്. പറയുന്നു അനേകജന്മങ്ങളുടെ അന്ത്യത്തിന്റെയും അന്ത്യത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. മുകളിൽ ത്രിമൂർത്തിയുമുണ്ട്. ബ്രഹ്മാവ് യോഗത്തിലിരിക്കുന്നു, ശങ്കരന്റെ കാര്യം തന്നെ വേറെയാണ്. കാളപ്പുറത്ത് സഞ്ചരിക്കാൻ കഴിയില്ല. ബാബക്ക് ഇവിടെ വന്ന് മനസ്സിലാക്കിത്തരണം. വിനാശവും ഇവിടെത്തന്നെയാണ് ഉണ്ടാകുന്നത്. മനുഷ്യർ വിശ്വത്തിൽ ശാന്തി വേണമെന്ന് പറയുന്നു. അത് സംഭവിക്കാൻ പോകുന്നതാണെന്ന് ബുദ്ധിയിൽ വരുന്നുണ്ട്. ചിത്രങ്ങൾ വച്ച് നിങ്ങൾക്ക് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ശിവന്റേയും ദേവതകളുടേയും ഭക്തർക്ക് മനസ്സിലാക്കിക്കൊടുക്കണം. അവർ പെട്ടെന്ന് അംഗീകരിക്കും. ബാക്കി പ്രകൃതിയേയും ശാസ്ത്രങ്ങൾ മുതലായവയെയും മാനിക്കുന്നവരുടെ ബുദ്ധിയിൽ ഈ കാര്യം ഇരിക്കുകയില്ല. മറ്റു ധർമ്മത്തിലുള്ളവരുടെ ബുദ്ധിയിലും ഇത് വരികയില്ല, ആര് *കൺവർട്ട്* ആയിപ്പോയോ അവർ തിരിച്ചുവരും. അവരെക്കുറിച്ച് ചിന്തിക്കേണ്ടതില്ല. ദേവതാധർമ്മത്തിലുള്ളവരും വളരെയധികം ഭക്തി ചെയ്തവരും അവരുടെ ധർമ്മത്തിൽ വളരെ ഉറച്ചവരായിരിക്കും. അതുകൊണ്ട് ദേവതകളുടെ പൂജാരികൾക്ക് മനസ്സിലാക്കിക്കൊടുക്കൂ, വലിയ ആളുകൾ ഒരിക്കലും വരികയില്ല. ബിർളയുണ്ട്, ഇത്രയും ക്ഷേത്രങ്ങളെല്ലാം ഉണ്ടാക്കുന്നുണ്ട്, എന്നാൽ അവർക്ക് ജ്ഞാനം കേൾക്കാനുള്ള സമയം തന്നെ എവിടെയാണുള്ളത്. മുഴുവൻ ദിവസവും ബുദ്ധി ജോലിയിൽ മുഴുകിയിരിക്കുന്നു. പണം ധാരാളം ലഭിക്കുമ്പോൾ ക്ഷേത്രമുണ്ടാക്കുന്നതിലൂടെയാണ് ധനം ലഭിക്കുന്നതെന്ന് അവർ വിചാരിക്കുന്നു. ദേവതകളുടെ കൃപയാണ്.

നിങ്ങളുടെ അടുത്ത് ആരെങ്കിലും വന്നാൽ ലക്ഷ്മീ-നാരായണന്റെ ചിത്രം അവരെ കാണിക്കൂ. പറയൂ, നിങ്ങൾ വിശ്വത്തിൽ ശാന്തി ആഗ്രഹിക്കുന്നുവെങ്കിൽ വിശ്വത്തിൽ ശാന്തിയുള്ള രാജ്യം ഈ ലോകത്തിൽ ഉണ്ടായിരുന്നു. ഈ സമയം മുതൽ ഈ സമയം വരെ സൂര്യവംശീ രാജധാനിയിൽ വളരെ ശാന്തിയുണ്ടായിരുന്നു പിന്നീട് 2 കല കുറയുന്നു. മുഴുവൻ ആധാരവും ഈ ചിത്രത്തിലാണ്. ഇപ്പോൾ നിങ്ങൾ വിശ്വത്തിൽ ശാന്തി ആഗ്രഹിക്കുന്നു. എവിടേക്ക് പോകും? വീടിനെക്കുറിച്ച് യാതൊന്നും അറിയില്ല. നമ്മൾ ശാന്തസ്വരൂപരായ ആത്മാക്കളാണ്. മൂലവതനത്തിലാണ് വസിക്കുന്നത്, അതാണ് ശാന്തിധാമം. അത് ഈ ലോകത്തിലല്ല. അതിനെയാണ് നിരാകാരി ലോകം എന്ന് പറയുന്നത്. ബാക്കി വിശ്വമെന്ന് ഈ ലോകത്തെ തന്നെയാണ് പറയുന്നത്. വിശ്വത്തിൽ ശാന്തി പുതിയ ലോകത്തിലാണ് ഉണ്ടാകുക. ഇവരാണ് വിശ്വത്തിന്റെ അധികാരികൾ. പാവപ്പെട്ടവർ ഈ കാര്യങ്ങൾ നല്ലരീതിയിൽ മനസ്സിലാക്കും. ചിലർ പറയാറുണ്ട് ഈ വഴി വളരെ നല്ലതാണ്. ഞങ്ങൾ വഴി അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. വഴിയെക്കുറിച്ചേ അറിയില്ല. പിന്നെങ്ങനെ അന്വേഷിക്കും? ബാബയിലേക്കും ജീവന്മുക്തിയിലേക്കും ഉള്ള വഴിയെക്കുറിച്ചറിയുന്ന ആരും തന്നെയില്ല. ശാന്തി ശാന്തി... എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട് എന്നാൽ ശാന്തി എപ്പോഴാണ് ഉണ്ടായിരുന്നത്, എങ്ങനെയാണ് ഉണ്ടായത്, ആർക്കും തന്നെ അറിയില്ല. എത്ര സമ്മേളനങ്ങളെല്ലാമാണ് നടത്തുന്നത്. അവരോടു ചോദിക്കണം എപ്പോഴെങ്കിലും നിങ്ങൾ വിശ്വത്തിൽ ശാന്തി കണ്ടിട്ടുണ്ടോ അതായത് വിശ്വത്തിൽ ശാന്തി എങ്ങനെയാണ് ഉണ്ടായിരുന്നത്? നിങ്ങൾ മനുഷ്യർ പരസ്പരം എന്തിനാണ് ആശയക്കുഴപ്പത്തിലാകുന്നത്! സമ്മേളനങ്ങൾ നടത്തിക്കൊണ്ടേയിരിക്കുന്നു. ഉത്തരം എവിടെ നിന്നും ലഭിക്കുന്നില്ല. വിശ്വത്തിൽ ശാന്തി ഇപ്പോൾ ബാബയിലൂടെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പറയുന്നുണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്കുമുമ്പ് സ്വർഗ്ഗം ഉണ്ടായിരുന്നു അപ്പോൾ അവിടെ തന്നെയായിരുന്നു ശാന്തിയുണ്ടായിരുന്നത്. അഥവാ അവിടേയും അശാന്തിയായിരുന്നുവെങ്കിൽ ശാന്തി പിന്നീട് എവിടെനിന്ന് ലഭിക്കും? ഇതെല്ലാം നല്ലരീതിയിൽ മനസ്സിലാക്കി കൊടുക്കണം. ഇപ്പോൾ നിങ്ങൾക്ക് സംസാരിക്കാൻ അത്രയും സമയം നൽകില്ല എന്തുകൊണ്ടെന്നാൽ അവർക്ക് കേൾക്കാനുള്ള സമയമായിട്ടില്ല. കേൾക്കാനും സൗഭാഗ്യം വേണം. നിങ്ങൾ പദമാപദം ഭാഗ്യശാലി കുട്ടികൾ മാത്രമാണ് ബാബയിൽ നിന്ന് കേൾക്കാൻ അവകാശിയാകുന്നത്. ബാബക്കല്ലാതെ മറ്റാർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ബാബ നിങ്ങൾ കുട്ടികളെ മാത്രമാണ് കേൾപ്പിക്കുന്നത്. ഇതാണ് രാവണരാജ്യം ഇവിടെ ശാന്തി എങ്ങനെയുണ്ടാകും. രാവണരാജ്യത്തിൽ എല്ലാവരും പതിതരാണ്. ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് വിളിച്ചുകൊണ്ടിരിക്കുന്നു. പാവനലോകം ഈ ലക്ഷ്മീ-നാരായണന്റേതായിരുന്നു. രാമരാജ്യവും രാവണരാജ്യവും തമ്മിൽ എത്ര അന്തരമാണുള്ളത്. സൂര്യവംശി, ചന്ദ്രവംശി, പിന്നീടുള്ളതാണ് രാവണവംശി. ഈ സമയം കലിയുഗമാണ്, രാവണ സമ്പ്രദായം. വലിയ ആളുകൾ പോലും പരസ്പരം

കലഹിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഇന്ന ആളാണ് എന്ന അഹങ്കാരം വളരെയധികമുണ്ട്. അതുകൊണ്ട് ഈ ലക്ഷ്മീനാരായണന്റെ ചിത്രം വച്ച് മനസ്സിലാക്കിക്കൊടുക്കാൻ വളരെ സഹജമാണ്. പറയൂ ഇവരുടെ രാജ്യത്തിൽ തന്നെയായിരുന്നു വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നത്, മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. വിശ്വത്തിൽ ശാന്തി അത് ഇവിടെ തന്നെയാണ് ഉണ്ടാകുന്നത്. അതിനാൽ ഇത് വളരെ പ്രധാനപ്പെട്ട ചിത്രമാണ്. മറ്റ് അനേകം ചിത്രങ്ങൾ വച്ച് മനസ്സിലാക്കിക്കൊടുക്കുമ്പോൾ മനുഷ്യരുടെ ചിന്ത മറ്റു കാര്യങ്ങളിലേക്ക് പോകുന്നു. മനസ്സിലാക്കിയത് പോലും മറന്നുപോകുന്നു. അപ്പോഴാണ് പറയുന്നത് *ടൂ മെനി കുക്ക്സ്...* ധാരാളം ചിത്രങ്ങളും തമാശ സംഭാഷണങ്ങളുമാകുമ്പോൾ അടിസ്ഥാന കാര്യം ബുദ്ധിയിൽ നിന്ന് പുറത്ത് പോകുന്നു. ബാബയാണ് ഇത് സ്ഥാപിച്ചുകൊണ്ടിരിക്കുന്നതെന്ന് വളരെ വിരളം പേരെ മനസ്സിലാക്കൂ. 84 ജന്മങ്ങളും ഇവരുടേതാണ് കാണിക്കുന്നത്. കാണിക്കുക തീർച്ചയായും ഒരാളെയാണ്. എല്ലാവരുടേതും എങ്ങനെ കാണിക്കും. ശാസ്ത്രത്തിലും ഒരു അർജ്ജുനന്റെ പേരല്ലേ വച്ചിട്ടുള്ളത്. *സ്കൂളിൽ മാസ്റ്റർ* ഒരാളെ മാത്രം പഠിപ്പിക്കുകയില്ല. ഇതും *സ്കൂളാണ്*. ഗീതയിൽ വിദ്യാലയത്തിന്റെ രൂപം കാണിച്ചിട്ടില്ല. ചെറിയ കുട്ടിയായ കൃഷ്ണൻ എങ്ങനെ ഗീത കേൾപ്പിക്കും. ഇതാണ് ഭക്തിമാർഗ്ഗം.

നിങ്ങളുടെ ബാഡ്ജിനും വളരെയധികം കാര്യം ചെയ്യാൻ സാധിക്കും. ഇത് വളരെ നല്ലതാണ്. ആദ്യം ശിവബബായുടെ ചിത്രത്തിനു മുന്നിൽ കൊണ്ടുവരണം. പിന്നീട് ലക്ഷ്മീനാരായണന്റെ ചിത്രത്തിനു മുന്നിൽ. നിങ്ങൾ ശാന്തി യാചിക്കുന്നു അത് കൽപകൽപം ബാബയിലൂടെയാണ് സ്ഥാപിക്കപ്പെടുന്നത്. നിങ്ങൾ ഈ ചക്രത്തെ അറിഞ്ഞിരിക്കുന്നു. ആദ്യം നിങ്ങളും തുച്ഛബുദ്ധികളായിരുന്നു. ഇപ്പോൾ ബാബ സ്വച്ഛബുദ്ധികളാക്കുന്നു. എഴുതണം പരംപിതാ പരമാത്മാവിനല്ലാതെ ആർക്കും ആരുടെയും സദ്ഗതി ചെയ്യാൻ കഴിയില്ല. വിശ്വത്തിൽ ശാന്തി സ്ഥാപിക്കാൻ കഴിയില്ല. ബാബ തന്നെയാണ് എല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. ഓർമ്മിക്കുന്നതും ബാബയെ തന്നെയാണ്. ഇത് രണ്ടുമാണ് മുഖ്യമായ ചിത്രങ്ങൾ. ഏത് വരെ പൂർണ്ണമായും മനസ്സിലാക്കുന്നില്ലയോ, ഇതിൽ നിന്നും വ്യതിചലിക്കരുത്. ഇത് മനസ്സിലാക്കിയിട്ടില്ലെങ്കിൽ മറ്റൊന്നും മനസ്സിലാക്കിയിട്ടില്ല എന്നാണ്. സമയം പാഴായിപ്പോകും. നേക്കണം ബുദ്ധിയിൽ ഇരിക്കുന്നില്ലെങ്കിൽ പോകാൻ അനുവദിക്കണം. ഇതിൽ മനസ്സിലാക്കിക്കൊടുക്കുന്നവർ വളരെ നല്ലതായിരിക്കണം. മാതാക്കളാണെങ്കിൽ വളരെ നല്ലത്, അവരിൽ ആരും ക്ഷുഭിതരാകില്ല. ആരാരെല്ലാമാണ് മനസ്സിലാക്കി കൊടുക്കുന്നതിൽ സമർത്ഥരെന്ന് എല്ലാവർക്കുമറിയാം. മോഹിനി, മനോഹർ, ഗീത – വളരെ നല്ല–നല്ല കുട്ടികളാണ്. ആദ്യം ലക്ഷ്മീ–നാരായണന്റെ ചിത്രത്തിൽ തീർത്തും പക്കായാക്കിക്കണം. പറയൂ, ഈ കാര്യങ്ങളെ നല്ലരീതിയിൽ മനസ്സിലാക്കണം അപ്പോഴേ ശാന്തിയുടെ ലോകത്തിലേക്ക് പോകാൻ സാധിക്കൂ. മുക്തിയും ജീവന്മുക്തിയും രണ്ടും തന്നെ ലഭിക്കും. മുക്തിയിലേക്ക് എല്ലാവരും പോകും പിന്നീട് സംഖ്യ ക്രമമനുസരിച്ച് *പാർട്ട്* അഭിനയിക്കാൻ വരും. വളരെ ഗാംഭീര്യത്തോടെ മനസ്സിലാക്കിക്കൊടുക്കണം. ഇതാണ് *നമ്പർവൺ* ചിത്രം. വിശ്വത്തിൽ ശാന്തിയുടെ അധികാരികൾ ഇവരായിരുന്നു. വിവേകശാലികളായ കുട്ടികളുടെ ബുദ്ധിയിൽ ഈ കാര്യങ്ങൾ ഇരിക്കും. ചിലർ നല്ലത് നല്ലത് എന്ന് പറഞ്ഞ് കാലിൽ വീഴുന്നു. എന്നാൽ ബാബയെ അറിഞ്ഞിട്ടില്ല. അവരെയും മായ വിടുന്നില്ല. ഇത്രയും ഉയർന്നതാക്കി മാറ്റുന്ന ബാബയെ എത്ര ഓർമ്മിക്കണം. അതുകൊണ്ടാണ് ബാബ പറയുന്നത് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. സതോപ്രധാനമായി തീരും. ഇവിടെ ഉള്ളിൽ വരുമ്പോൾ സന്തോഷം കൊണ്ട് രോമാഞ്ചം ഉണ്ടാകണം. ഞാൻ ഇതായിത്തീരുകയാണ്. ബ്രഹ്മാ ബാബ ഉള്ളിൽ വന്ന് ഈ ലക്ഷ്മീനാരാണനെ നോക്കാന്നു, വളരെ സന്തോഷവാനാകുന്നു. ആഹാ! ബാബാ എന്നെ ഇതാക്കി മാറ്റുന്നു. ആഹാ ബാബാ ആഹാ! ലൗകിക വീട്ടിലും ആരുടെയെങ്കിലും അച്ഛൻ വലിയ പദവിയിലാണെങ്കിൽ കുട്ടികൾക്കും സന്തോഷമുണ്ടായിരിക്കും എന്റെ അച്ഛൻ മന്ത്രിയാണ്. നമ്മളെ ബാബ ഇങ്ങനെയാക്കി മാറ്റുന്നു എന്നറിയുമ്പോൾ നിങ്ങൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. എന്നാൽ മായ മറപ്പിക്കുന്നു, നന്നായി എതിരിടുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം, ദൈവികഗുണവും ധാരണ ചെയ്യണം. ആത്മാഭിമാനിയായി ഭവിക്കൂ. സഹോദര–സഹോദരനായി കാണൂ. പത്നിയെയും ആത്മാവിന്റെ രൂപത്തിൽ സഹോദര ഭാവനയിലൂടെ കാണണം. ഒരിക്കലും *ക്രിമിനൽ* ദൃഷ്ടിയുണ്ടാകരുത്. മനസ്സിൽ കൊടുങ്കാറ്റ് വരുന്നത് സഹോദര ദൃഷ്ടിയിലൂടെ കാണാത്തതുകൊണ്ടാണ്, ഇതിൽ വളരെ പരിശ്രമമുണ്ട്. വളരെ നല്ല അഭ്യാസം വേണം. ആത്മ–അഭിമാനിയാകണം. കർമ്മാതീത അവസ്ഥ അന്തിമത്തിൽ മാത്രമേ ഉണ്ടാകൂ. സേവനം ചെയ്യുന്ന കുട്ടികൾക്ക് തന്നെയാണ് ബാബയുടെ ഹൃദയത്തിൽ സ്ഥാനം നേടാൻ സാധിക്കുന്നത്. ഇനി വൈകി വന്നാലും കുതിച്ച് മുന്നിലെത്താൻ സാധിക്കും. തീവ്രമായി പോകാൻ കഴിയും. നിങ്ങൾ കുട്ടികൾ ഇവരെല്ലാം എങ്ങിനെയാണ് വീടുവിട്ടതെന്ന ആരംഭ ചരിത്രം കേട്ടിട്ടുണ്ട്. രാത്രിക്ക്–രാത്രി ഓടിവന്നതാണ്. പിന്നീട് ഇത്രയും കുട്ടികളെ പരിപാലിച്ചു. ഇതിനെയാണ് ഭട്ടിയെന്ന് പറയുന്നത്. പിന്നീട് ഭട്ടിയിൽ നിന്നും സംഖ്യാക്രമമനുസരിച്ച് തയ്യാറായി. ഇത് അദ്ഭുതമാണ്, ബാബ നിങ്ങളെ അത്ഭുതകരമായ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. *ഗോഡ് ഫാദർ* നിങ്ങളെ

പഠിപ്പിക്കുന്നു. എത്ര സാധാരണമാണ്, ദിവസവും വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു ഒപ്പം കുട്ടികൾക്ക് നമസ്ക്കാരവും പറയുന്നു. കുട്ടികളേ നിങ്ങൾ എന്നേക്കാളും ഉയരത്തിലേക്ക് പോകുന്നവരാണ്. നിങ്ങൾ തന്നെയാണ് ദരിദ്രരിൽ നിന്ന് ഡബിൾ കിരീടധാരി വിശ്വത്തിന്റെ അധികാരികളാകുന്നത്, ബാബ വളരെ ഇഷ്ടത്തോടെ വരുന്നു. അനേക പ്രാവശ്യം വന്നിട്ടുണ്ടായിരിക്കും. ഇന്ന് നിങ്ങൾ രാമനായ എന്നിൽ നിന്നും രാജ്യം നേടുന്നു പിന്നീട് നിങ്ങൾ രാവണന് രാജ്യം അടിയറവ് വയ്ക്കുന്നു, ഇത് കളിയാണ്. ശരി!

മധുര-മധുരമായ ഭാഗ്യ നക്ഷത്രങ്ങൾക്ക് മാതാ-പിതാവായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ആത്മാവിനെ സതോപ്രധാനമാക്കി മാറ്റുന്നതിനു വേണ്ടി ഒരു സർവ്വശക്തിവാനായ ബാബയിൽ നിന്നും ശക്തിയെടുക്കണം. ദേഹി-അഭിമാനിയാകാനുള്ള പുരുഷാർത്ഥം ചെയ്യൂ. നമ്മൾ ആത്മാക്കൾ സഹോദരന്മാരാണ്, ഈ അഭ്യാസം നിരന്തരം ചെയ്തുകൊണ്ടിരിക്കൂ.

2) ബാബയുടേയും ലക്ഷ്യത്തിന്റേയും (ലക്ഷ്മീ-നാരായണൻ) ചിത്രം വച്ച് ഓരോരുത്തർക്കും വിസ്താരത്തിൽ മനസ്സിലാക്കിക്കൊടുക്കൂ. ബാക്കി കാര്യങ്ങളിൽ സമയം പാഴാക്കരുത്.

## വരദാനം:- ഭൂമി, നാഡി, സമയത്തെ നോക്കി സത്യ ജ്ഞാനത്തെ പ്രത്യക്ഷമാക്കുന്ന ജ്ഞാന സമ്പന്നരായി ഭവിക്കൂ

ബാബയുടെ ഈ പുതിയ ജ്ഞാനം, സത്യ ജ്ഞാനമാണ്, ഈ പുതിയ ജ്ഞാനത്തിലൂടെ തന്നെയാണ് പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാകുന്നത്, ഈ അധികാരവും ലഹരിയും സ്വരൂപത്തിൽ പ്രത്യക്ഷമായിരിക്കണം എന്നാൽ അതിന്റെ അർത്ഥം ആരെങ്കിലും വരുമ്പോൾ തന്നെ പുതിയ ജ്ഞാനത്തിന്റെ പുതിയ കാര്യങ്ങൾ കേൾപ്പിച്ച് ആശങ്കയിലാക്കുക എന്നല്ല. ഭൂമി, നാഡി, സമയം എല്ലാം നോക്കി ജ്ഞാനം നൽകണം- ഇതാണ് ജ്ഞാന സമ്പന്നതയുടെ ലക്ഷണം. ആത്മാവിന്റെ ആഗ്രഹം നോക്കൂ, നാഡി നോക്കൂ, ഭൂമി തയ്യാറാക്കൂ എന്നാൽ ഉള്ളിൽ സത്യതയുടെ നിർഭയതയുടെ ശക്തി അവശ്യം ഉണ്ടായിരിക്കണം, അപ്പോൾ സത്യ ജ്ഞാനത്തെ പ്രത്യക്ഷമാക്കാൻ സാധിക്കും.

## സ്ലോഗൻ:- എന്റേതെന്ന് പറയുക അർത്ഥം ചെറിയ കാര്യത്തെ വലുതാക്കുക, നിന്റേതെന്ന് പറയുകയെന്നാൽ പർവ്വതം പോലെയുള്ള കാര്യത്തെ പഞ്ഞിയാക്കി മാറ്റുക.

**അവ്യക്ത ശാന്തിയിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
ഉത്തരവാദിത്വം നിറവേറ്റുക ഇതും ആവശ്യമാണ് എന്നാൽ എത്രത്തോളം വലിയ ഉത്തരവാദിത്വം അത്രയും തന്നെ ഡബിൾ ലൈറ്റ്. ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ടും ഉത്തരവാദിത്വത്തിന്റെ ഭാരത്തിൽ നിന്ന് വേറിട്ട് കഴിയൂ, അവരെയാണ് പറയുന്നത് ബാബയുടെ സ്നേഹി. പേടിക്കരുത് എന്ത് ചെയ്യും, ധാരാളം ഉത്തരവാദിത്വമുണ്ട്. ഇത് ചെയ്യണോ വേണ്ടയോ ഇത് വളരെ പ്രയാസമാണ്. ഈ അനുഭവം അർത്ഥം ഭാരമാണ്. ഡബിൾ ലൈറ്റ് അർത്ഥം ഇതിൽ നിന്നും വേറിട്ടത്. ഒരു ഉത്തരവാദിത്വ കർമ്മവും ഇളക്കത്തിനുള്ള ഭാരമാരമാകരുത്.